പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1558 **01-07-2026-ൽ മറുപടിയ്ക്ക്**

ഇ ഹെൽത്ത് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. പി. അഷ്റഫലി

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) ഇ-ഹെൽത്ത് പദ്ധതിയെ കുറിച്ച് വ്യക്തമാക്കാമോ;

മറുപടി:

വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലെ സേവനങ്ങൾ സമഗ്രമായി ഡിജിറ്റലൈസ് ചെയ്ത് ജനങ്ങൾക്ക് കാര്യക്ഷമവും സുതാര്യവും എളുപ്പത്തിൽ ലഭ്യമാകുന്നതുമായ രോഗികേന്ദ്രീകൃത ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് ഇ ഹെൽത്ത്. രോഗികൾ, ആരോഗ്യ പ്രവർത്തകർ, ആശുപത്രികൾ, പൊതുജനാരോഗ്യ സംവിധാനങ്ങൾ എന്നിവയെ ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ ബന്ധിപ്പിക്കുന്ന ഒരു സമഗ്ര ആരോഗ്യ പരിസ്ഥിതി (Digital Health Ecosystem) സൃഷ്ടിക്കുന്നതാണ് പദ്ധതിയുടെ ദീർഘകാല ദർശനം. ഓരോ പൗരനും ജീവിതകാലം മുഴുവൻ ഉപയോഗിക്കാവുന്ന ഏകീകൃത ആരോഗ്യ തിരിച്ചറിയൽ നമ്പർ (Unique Health Identification - UHID) നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഇലക്ട്രോണിക് ആരോഗ്യരേഖ (Electronic Health Record EHR) സൃഷ്ടിക്കുകയും ഇതിലൂടെ രോഗി ഏത് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയാലും അദ്ദേഹത്തിന്റെ മുൻകാല ചികിത്സാ വിവരങ്ങൾ സുരക്ഷിതമായി ലഭ്യമാകുകയും, മറ്റ് ആശുപത്രിയിലേക്ക് റെഫർ സുഗമമാക്കാനും ചികിത്സയുടെ തുടർച്ച ഉറപ്പാക്കുകയും ചെയ്യുന്നു. ഇതോടൊപ്പം ആവർത്തിച്ചുള്ള രജിസ്ട്രേഷൻ ഒഴിവാക്കാനും, രേഖകളുടെ കൈകാര്യം ലളിതമാക്കാനും, ചികിത്സയുടെ ഗുണനിലവാരവും സുരക്ഷയും മെച്ചപ്പെടുത്താനും പദ്ധതി സഹായിക്കുന്നു. ആരോഗ്യ മേഖലയിലെ തത്സമയ വിവരശേഖരണം, രോഗനിരീക്ഷണം, നയരൂപീകരണം എന്നിവയ്ക്കും ഈ സംവിധാനം പിന്തുണ നൽകുന്നു. ഇ-ഹെൽത്ത് കേരള പദ്ധതിയുടെ പ്രധാന ഘടകമാണ് ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം (HMS). സർക്കാർ ആശുപത്രികളിലെ രോഗി രജിസ്ട്രേഷൻ, മുൻകൂട്ടിയുള്ള അപ്പോയിന്റ്മെന്റ്, ഒ.പി., ഐ.പി., ഫാർമസി, ലബോറട്ടറി, ബില്ലിംഗ്, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) എന്നിവ ഉൾപ്പെടെയുള്ള ആശുപത്രി പ്രവർത്തനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ നിയന്ത്രിക്കുന്ന സംവിധാനമാണിത്. വിവിധ വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുകയും, സേവനങ്ങൾ കാലതാമസം കുറയ്ക്കുകയും, ആശുപത്രി ഭരണനിർവഹണം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നതിൽ HMS നിർണായക പങ്ക് വഹിക്കുന്നു. മുൻകൂട്ടിയിട്ടുള്ള ഓൺലൈൻ അപ്പോയിന്റ്മെന്റ് ബുക്കിംഗ്, ലബോറട്ടറി പരിശോധനാഫലങ്ങളും ഡോക്ടറുടെ കുറിപ്പുകളും (Prescription) ഡിജിറ്റലായി ലഭ്യമാക്കൽ, വ്യക്തിഗത ആരോഗ്യരേഖകൾ കാണൽ, Scan & Share മുഖേന ടോക്കൺ സംവിധാനത്തിലൂടെ സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കൽ തുടങ്ങിയ സൗകര്യങ്ങൾ രോഗികളുടെ ആശുപത്രി സന്ദർശനം കൂടുതൽ സുഗമമാക്കുന്നു. ഇതിലൂടെ കാത്തിരിപ്പ് സമയം കുറയുകയും, രോഗികൾക്ക് അവരുടെ ആരോഗ്യവിവരങ്ങൾ സ്വയം നിയന്ത്രിക്കാനും ഉപയോഗിക്കാനും സാധിക്കുകയും ചെയ്യുന്നു. ഇ-ഹെൽത്ത് കേരള പ്ലാറ്റ്ഫോം ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ (ABDM)-നുമായി വിജയകരമായി സംയോജിപ്പിച്ചിരിക്കുന്നു. ഇതിലൂടെ ABHA അക്കൗണ്ട് സൃഷ്ടിക്കുകയും UHID-യുമായി ബന്ധിപ്പിക്കുകയും, ആരോഗ്യ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും ദേശീയ രജിസ്ട്രികളുമായി സംയോജിപ്പിക്കുകയും, ഓരോ തവണയും രോഗിയുടെ സമ്മതത്തിന്റ് അടിസ്ഥാനത്തിൽ ആരോഗ്യരേഖകൾ സുരക്ഷിതമായി പങ്കുവയ്ക്കുകയും ചെയ്യുന്നു. ദേശീയ തലത്തിൽ ആരോഗ്യ വിവരങ്ങളുടെ പരസ്പര പ്രവർത്തനക്ഷമത (Interoperability) ഉറപ്പാക്കുന്ന രീതിയിലാണ് ഈ സംവിധാനം വികസിപ്പിച്ചിരിക്കുന്നത്.

രോഗി രജിസ്ട്രേഷൻ, ഒ.പി. സേവനങ്ങൾ, ലബോറട്ടറി, clinical procedures ഫാർമസി, ബില്ലിംഗ്, Electronic Health Records, digital payments എന്നിവയും IP Patient admission, pay ward admission, ബെഡ് അലോക്കേഷൻ, ലാബ് ടെസ്റ്റ്, ഡിസ്ചാർജ് summary തയ്യാറാക്കൽ എന്നിവയും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്.

(ബി) നിലവിൽ എത്ര ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായി സജ്ജമായിട്ടുണ്ടെന്ന് വിശദമാക്കാമോ;

മറുപടി: പ്രാഥമിക, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്, ജില്ല, ജനറൽ ഹോസ്പിറ്റലുകൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രോഗി രജിസ്ട്രേഷൻ, ഒ.പി. സേവനങ്ങൾ, ലബോറട്ടറി, clinical procedures ഫാർമസി, ബില്ലിംഗ്, Electronic Health Records, digital payments എന്നിവയും IP Patient admission, pay ward admission, ബെഡ് അലോക്കേഷൻ, ലാബ് ടെസ്റ്റ്, ഡിസ്ചാർജ് summary തയ്യാറാക്കൽ എന്നീ സംവിധാനങ്ങളുള്ള eHealth Hospital Management System സംസ്ഥാനത്തെ 741 ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന് പുറമെ Patient registration, advance appointment എന്നീ സംവിധാനങ്ങൾ 374 ആരോഗ്യ സ്ഥാപനങ്ങളിൽ കൂടി നടപ്പിൽ വരുത്തിയിട്ടുമുണ്ട്.

(സി) പ്രാഥമിക,കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെയും താലൂക്ക്, ജില്ല,ജനറൽ ഹോസ്പിറ്റലുകളെയും മെഡിക്കൽ കോളേജുകളെയും ഒരൊറ്റ ഡിജിറ്റൽ ശൃംഖലയിൽ ബന്ധിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

മറുപടി: പ്രാഥമിക, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്, ജില്ല, ജനറൽ ഹോസ്പിറ്റലുകൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രോഗി രജിസ്ട്രേഷൻ, ഒ.പി. സേവനങ്ങൾ, ലബോറട്ടറി, clinical procedures ഫാർമസി, ബില്ലിംഗ്, Electronic Health Records, digital payments എന്നിവയും IP Patient admission, pay ward admission, ബെഡ് അലോക്കേഷൻ, ലാബ് ടെസ്റ്റ്, ഡിസ്ചാർജ് summary തയ്യാറാക്കൽ എന്നീ സംവിധാനങ്ങളുള്ള eHealth Hospital Management System സംസ്ഥാനത്തെ 741 ആരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന് പുറമെ Patient registration, advance appointment എന്നീ സംവിധാനങ്ങൾ 374 ആരോഗ്യ സ്ഥാപനങ്ങളിൽ കൂടി നടപ്പിൽ വരുത്തിയിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ